# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 159 | 07.12.2015 -ൽ മറുപടിക്ക്

### പി.എസ്.സി. യുടെ സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ്<br>,, എം.എ.ബേബി<br>,, റ്റി.വി.രാജേഷ്<br>,, കെ. സുരേഷ് കുറുപ്പ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) നിത്യാനിദാന ചെലവുകൾക്കുള്ള ബില്ലു-കളടക്കം ധനവകുപ്പ് തടഞ്ഞതാണ് പി.എസ്.സി.-യുടെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണമായിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ബില്ലുകൾ ട്രഷറിയിൽ നിന്നും നിയന്ത്രി-ച്ചുകൊണ്ട് ധനവകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമാക്കുമോ; | (ബി) പി.എസ്.സിയുടെ ബില്ലുകൾ മാത്രം ബാധകമാക്കികൊണ്ട് ട്രഷറി നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരീക്ഷ തുടങ്ങിയവ നടത്തുന്നതിനുള്ള തുക യഥാസമയം പി.എസ്.സി.-യ്ക്ക് ലഭ്യമാക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ; | (സി) ലഭ്യമാക്കാതിരുന്നിട്ടില്ല. സർക്കാർ ഈ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നതിനേക്കാൾ അധിക-മായി 12 കോടി 50 ലക്ഷം രൂപ വിവിധ ഹെഡ്ഡുകളിലായി പി.എസ്.സിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) പി.എസ്.സി യ്ക്ക് ആവശ്യമായ പണം സ്വയം കണ്ടെത്തുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷാ ഫീസ് ഈടാക്കാൻ പി.എസ്.സി യ്ക്ക് അനുവാദം നൽകിയിട്ടുണ്ടോ; വിശദാം-ശങ്ങൾ വെളിപ്പെടുത്താമോ ? | (ഡി) ഇല്ല. ഓരോ തസ്തികയ്ക്കും 40% ത്തിൽ അധികം വരുന്ന അനർഹരായ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതു കാരണം സർക്കാർ ഖജനാവിൽ നിന്നും പാഴ് വ്യയം സംഭവിക്കു-ന്നുവെന്ന വിഷയം കമ്മീഷൻ പരിഗണിക്കുകയും അത് പരമാവധി നിയന്ത്രിക്കുന്നതിനുള്ള നടപടികളിൽ ഒന്ന് എന്ന രീതിയിൽ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷാ ഫീസ് ഈടാക്കുന്നതിന് കമ്മീഷൻ തത്വത്തിൽ തീരുമാനിച്ചു. ആയതിന് അനുമതി നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥി-ക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്. |

Gnadev

**സെക്ഷൻ ഓഫീസർ**